# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**





**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി / പി.8/770/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 14/08/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി / പി.8/770/2025 തീയ്യതി: 14/08/2025

# ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 31-05-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-06-2025 | 18-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-06-2025 | 18-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.റോയ് റ്റി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എസ്. ഹാരിസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ജയന്തി കെ. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നജീബ് എം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ബിജു | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി. സുജ ജയപാൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 16-08-2024 |
| ശ്രീമതി നീതു എൽ. | ഐ സി ഡി എസ് സൂപ്പർവൈസർ | 17-08-2024 | 31-03-2025 |
| ഡോ. ജോൺ ബ്രിട്ടോ | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 01-04-2024 | 31-03-2025 |
| ഡോ. നമിത എസ്. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ശ്രീമതി. ബിൻസി വി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സലില എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 01-08-2024 |
| ശ്രീമതി. സിനി.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-08-2024 | 31-03-2025 |
| ശ്രീമതി.അഞ്ജു എം.സഞ്ജീവ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറിസ് | 01-04-2024 | 31-03-2025 |
| ശ്രീ. സാംസൺ എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(നീർക്കുന്നം സർക്കിൾ) | 01-04-2024 | 05-09-2024 |
| ശ്രീ.അനിൽകുമാർ ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(നീർക്കുന്നം സർക്കിൾ) | 06-09-2024 | 31-03-2025 |
| ശ്രീമതി.ഷാമില എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( കഞ്ഞിപ്പാടംസർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി നദീറ എ. | ഹെഡ്മിസ്ട്രസ് (എസ്.ഡി.വി.ജി.യു.പി.എസ്.) | 01-04-2024 | 31-03-2025 |
| ശ്രീ.പദ്മകുമാർ പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-10-2024 |
| ശ്രീ.നഹാസ് മുഹമ്മദ് എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2024 | 31-03-2025 |
| ശ്രീമതി ദർശന ആർ. | അക്രഡിറ്റഡ് എഞ്ചിനീയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്.) | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വാർഷിക ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ചെലവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-5 |
| 7 | സി.എഫ്.സി ഗ്രാന്റ് - ഷെഡ്യൂൾ B-4, B-17 എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 17 | മെഡിക്കൽ കോളേജിലെ നികുതി ബാധകമായ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 1-10 |
| 18 | കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ല | 1-11 |
| 19 | ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-12 |
| 20 | FACTEAOS ലൈസൻസ് - ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 21 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫീ ഈടാക്കിയിട്ടില്ല | 1-14 |
| 22 | ജനസേവിനി വായനശാലക്ക് ഫർണീച്ചർ -SIDCO സാധനങ്ങൾ വിതരണം ചെയ്തത് ഉയർന്ന നിരക്കിൽ | 1-15 |
| 23 | തൊഴിലുറപ്പു പദ്ധതി- അമൃത് സരോവർ പദ്ധതിയിൽപ്പെടുത്തി പൊതുകുളം പുനരുദ്ധാരണം വണ്ടാനം ശ്രീധർമ്മശാസ്ത ക്ഷേത്രം | 1-16 |
| 24 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പിഴവ് - തൊഴിൽദിനം കൂടുതൽ അനുവദിക്കാനിടയായി | 1-17 |
| 25 | തൊഴിലുറപ്പ് പദ്ധതി- GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്തില്ല | 1-18 |
| 26 | നടപ്പാക്കുവാൻ സാധിക്കാത്ത പദ്ധതിയ്ക്കായി പ്രോജക്ട് ആവിഷ്കരിച്ചു തുക ചെലവഴിച്ചു | 1-19 |
| 27 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘീകരണത്തിന് ഫൈൻ ഈടാക്കിയില്ല | 1-20 |
| 28 | കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളിൽ വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല | 1-21 |
| 29 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഡ്രൈവർക്ക് യാത്രാപ്പടി നല്കുന്നു | 1-22 |
| 30 | സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്റ്റേഷനറി, മറ്റ് ഉപകരണങ്ങൾ വാങ്ങൽ - നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല | 1-23 |
| 31 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 1-24 |
| 32 | നിർവ്വഹണ ഉദ്യോഗസ്ഥർ കൈപ്പറ്റിയ അഡ്വാൻസ് തുക ക്രമീകരിച്ചില്ല | 1-25 |
| 33 | വീട് വാസയോഗ്യമാക്കൽ- അഡ്വാൻസ് വാങ്ങിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല | 1-26 |

| | | |
|---|---|---|
| 34 | അങ്കണവാടികളിൽ അനുപൂരകപോഷകാഹാരവും റ്റി.എച്ച്.ആർ.എസും- അരിയർ ബില്ലുകളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല | 1-27 |
| 35 | പാലിയേറ്റീവ് കെയർ- കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-28 |
| 36 | വൃദ്ധജനങ്ങൾക്ക് കട്ടിൽ – ഗ്രാമസഭ അംഗീകരിക്കാത്തവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തു | 1-29 |
| 37 | മരണങ്ങൾ യഥാസമയം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നില്ല | 1-30 |
| 38 | പൊതുസ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തി | 1-31 |
| 39 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല | 1-32 |
| 40 | ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യിട്ടില്ല | 1-33 |
| 41 | മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ഹാജരാക്കിയില്ല | 1-34 |
| 42 | ലൈഫ് ഭവന പദ്ധതി -ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-35 |
| 43 | ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ - ബില്ലിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല | 1-36 |
| 44 | പ്രോജക്റ്റുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-37 |
| 45 | SSA വിഹിതം നൽകൽ -വിനിയോഗ വിവരമില്ല | 1-38 |
| 46 | ജൽജീവൻ മിഷൻ പദ്ധതി - പ്രവർത്തന അവലോകനം | 1-39 |
| 47 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-40 |
| | **ഭാഗം 2** | |
| 1 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫീ ഈടാക്കിയിട്ടില്ല | 2-1 |
| | **ഭാഗം 3** | |
| 1 | ജനസേവിനി വായനശാലക്ക് ഫർണീച്ചർ -SIDCO സാധനങ്ങൾ വിതരണം ചെയ്തത് ഉയർന്ന നിരക്കിൽ | 3-1 |
| 2 | തൊഴിലുറപ്പു പദ്ധതി- അമൃത് സരോവർ പദ്ധതിയിൽപ്പെടുത്തി പൊതുകുളം പുനരുദ്ധാരണം വണ്ടാനം ശ്രീധർമ്മശാസ്താ ക്ഷേത്രം | 3-2 |
| 3 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പിഴവ് - തൊഴിൽദിനം കൂടുതൽ അനുവദിക്കാനിടയായി | 3-3 |
| 4 | തൊഴിലുറപ്പ് പദ്ധതി- GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്തില്ല | 3-4 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം - വിവരശേഖരണം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.5.2025 ലെ 3(1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 വാർഷിക ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

തനത് വരുമാനവുമായി ബന്ധപ്പെട്ട വാർഷിക കണക്കിൽ ചേർത്തിട്ടുള്ള തുകകളുടെ ആധികാരികതയെ സാധൂകരിക്കുന്ന വിധത്തിൽ ട്രേഡ്സ് തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് എന്നീ രജിസ്റ്ററുകളിൽ വാർഷിക ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

**1-1-5 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുളള ചെലവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു**

എം.ഐ.സ് റിപ്പോർട്ട് പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് വിഭാഗത്തിന്റെ തൻവർഷത്തെ ആകെ ചെലവ് 70786527/- രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ ഷെഡ്യൂൾ I-6 ൽ ആകെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് 2887172/- രൂപ മാത്രമാണ്.

**1-1-6 സി.എഫ്.സി ഗ്രാന്റ് - ഷെഡ്യൂൾ B-4, B-17 എന്നിവ പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള സി.എഫ്.സി ഗ്രാന്റിനത്തിലെ ആകെ വർഷാന്ത്യ ബാധ്യത 11129600/- രൂപയാണ്. എന്നാൽ ഷെഡ്യൂൾ B-17, RP – 40(B) എന്നിവ പ്രകാരമുള്ള നീക്കിയിരുപ്പ് 11131502/- രൂപയാണ്. വ്യത്യാസം 1902/- രൂപ.

**1-1-7 അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുന്നില്ല**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിനത്തിൽ തിരികെ ലഭിക്കേണ്ടതായ 2852756 രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്യതായിട്ടുണ്ടെങ്കിലും ടി വിവരം അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് ജനറൽ കമ്മറ്റിയുടെ 14.03.24-ലെ I(1)- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 358355600 | 357971000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം &എക്സ്പെന്റിച്ചർ) | 157863620 | 148164116 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 21665439 |
| വരവ് | 70162090 |
| ആകെ | 91827529 |
| ചെലവ് | 65182906 |
| നീക്കിയിരിപ്പ് | 26644623 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22908000 | 22908000 | 22907993 | 7 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3295000 | 3295000 | 2230545 | 1064455 |
| സി.എഫ്.സി ഗ്രാന്റ് ബേസിക് | 3693788 | 4200516 | 7894304 | 4341117 | 3553187 |

| | | | | | |
|---|---|---|---|---|---|
| സി.എഫ്.സി ഗ്രാന്റ് ടൈഡ് | 1853078 | 8755000 | 10608078 | 3031665 | 7576413 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 14693000 | 14693000 | 10802380 | 3890620 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 10653000 | 10653000 | 7535399 | 3117601 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 211 | 214065624 | 134 | 78342417 | 27 | 50 | 63.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11178 | 2875994 | 2887172 | 2887172 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 67899355 | 67899355 | 67899355 | 0 |
| ആകെ | 11178 | 70775349 | 70786527 | 70786527 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10971600 | 723 |
| വിധവാ പെൻഷൻ | 15542700 | 1078 |
| വാർദ്ധക്യകാല പെൻഷൻ | 27759200 | 2053 |
| വികലാംഗ പെൻഷൻ | 6075400 | 398 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 368000 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60,000 | 2 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2025-ൽ 3.00 പി.എം.ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,218 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തര ഭരണ നിയന്ത്രണവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യുന്ന മരണങ്ങൾ, നിലവിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നില്ല. മരണങ്ങൾ യഥാസമയം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അറിയിക്കാത്തത് മരണമടഞ്ഞവരുടെ ക്ഷേമപെൻഷനുകൾ തുടർന്നും അനുവദിക്കുന്നതിന് ഇടയാക്കുന്നതാണ്.

2) യഥാസമയം മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല.

3) തൊഴിലുറപ്പ് പദ്ധതിയിൽ സാധനവില അനുവദിക്കുമ്പോൾ GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്നില്ല.

4) കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾക്ക് മുൻവർഷങ്ങളിൽ ദൈനംദിന ചെലവുകൾക്കായി നൽകിയ അഡ്വാൻസ് തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു.

5) ലൈസൻസ് ഇല്ലാതെ നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മെഡിക്കൽ കോളേജിലെ നികുതി ബാധകമായ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജിന്റെ എല്ലാ കെട്ടിടങ്ങൾക്കും വസ്തുനികുതി ഒഴിവാക്കി നല്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ വിദ്യാഭ്യാസ ആവശ്യത്തിനുള്ളതും ആശുപത്രിയായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മാത്രമാണ് വസ്തുനികുതി ഒഴിവാക്കപ്പെട്ടിട്ടുള്ളത്. അശുപത്രി കെട്ടിടത്തിൽ HLL ന് നല്കിയിട്ടുള്ള കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, വാടകയ്ക്ക് നല്കിയിട്ടുള്ള കിയോസ്കുകൾ/ബങ്കുകൾ, KHRWS പേവാർഡ് കെട്ടിടം, ആശുപത്രി വികസന സമിതി വാടകയ്ക്ക് നല്കിയിട്ടുള്ള കെട്ടിടങ്ങൾ, കാന്റീൻ എന്നിവയുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (33/18.6.25) മറുപടി ലഭ്യമാക്കിയില്ല. നികുതി ബാധകമായ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയതിനായി വിവിധ വൌച്ചറുകളിലായി തൻവർഷം 109140/- രൂപ ചെലവഴിച്ചിട്ടുണ്ട്. 5725 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കിയതിനാണ് തുക നല്കിയിട്ടുള്ളതെങ്കിലും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുവേണ്ട നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/13.6.25) മറുപടി ലഭ്യമാക്കിയില്ല. വിവരശേഖരണം പൂർത്തിയാക്കി ഡാറ്റാ എൻട്രി നടത്തി നികുതി പുനർനിർണ്ണയിക്കുന്നത് ഗ്രാമപഞ്ചായത്തിന് വൻവരുമാനവർദ്ധനവിന് ഉതകുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയിനത്തിൽ ASSA FOODS എന്ന സ്ഥാപനം 9700/- രൂപ തൻവർഷം അടച്ചിട്ടുണ്ടെങ്കിലും 2024-25 വർഷത്തെ നികുതിയിനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാരായ ശ്രീമതി ബിന്ദു.(പി.റ്റി.എസ്.), ശ്രീ.റിഷാദ് (ഡ്രൈവർ), രമ്യാദേവി (എം.ജി.എൻ.ആർ.ഇ.ജി.എസ്.) എന്നിവർ ആദ്യ അർദ്ധവർഷം തൊഴിൽനികുതി അടവാക്കിയിട്ടില്ല.

3. സൌത്ത് ഇന്ത്യൻ ബാങ്ക് സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.

4. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം നിരവധി ക്ലിനിക്കുകൾ ഉണ്ടെങ്കിലും ആരുംതന്നെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

5. റേഷൻ കട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

6. ഗ്രാമപഞ്ചായത്തിലെ കരാർ വർക്കുകൾ ഏറ്റെടുത്തിട്ടുള്ള താഴെ ചേർത്തിട്ടുള്ളവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

നൌഫൽ എ.

പ്രവീൺരാജ്. ആർ

ഷിയാദ് എച്ച്.

സഫീർ റ്റി.എ.

ജോസ് ബേബി

ബൈജു.വി.
ബെർലി വർഗ്ഗീസ്
അനിരുദ്ധൻ
അനിൽകുമാർ വൈ.
സിബിൻ.എസ്.
അജിത് ബി.
ഗിരീഷ് കുമാർ
സമസ്യ എം.
മുജീബ് കെ.
ഉമറുൾ ഫാറൂഖ്
ഷമീർ എം.
അബ്ദുൾ ഹസൻ
തോമസ് എം.പി.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.6.25) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ/കരാറുകാരിൽ നിന്നും തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-13 FACTEAOS ലൈസൻസ് - ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിലെ FACTEAOS ലൈസൻസ് സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് (2022-23) പ്രകാരം 691 സ്ഥാപനങ്ങൾ ഉണ്ടെങ്കിലും FACTEAOS ലൈസൻസ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തികവർഷം ആകെ 447 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

**2.** ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളൊന്നുംതന്നെ ലൈസൻസ് എടുത്തിട്ടില്ല.

അക്ഷയ കേന്ദ്രങ്ങൾ
ജിംനേഷ്യങ്ങൾ
കേബിൾ ടി.വി. സേവനം നല്കുന്നവർ
ഫാമുകൾ
വർക്ക്ഷോപ്പുകൾ
ഓഡിറ്റോറിയങ്ങൾ

3. ട്രേഡേഴ്സ് ലിസ്റ്റിലുള്ള പല കെട്ടിടനമ്പരുകളും ലൈസൻസ് നല്കിയിട്ടുള്ള കെട്ടിട നമ്പരും വ്യത്യസ്തങ്ങളാണ്. ഉദാ:-

എ) 17/357 എന്ന കെട്ടിടത്തിൽ ശ്രീ. സലിം മുസ്തഫ എന്നയാൾക്ക് സർജിക്കൽ ഐറ്റംസിനാണ് ലൈസൻസ് എന്നും അതേ കെട്ടിടത്തിൽ ശ്രീ. അബ്ദുൾ നാസറിന് സ്റ്റേഷനറി കട എന്നും ട്രേഡേഴ്സ് ലിസ്റ്റിലുണ്ട്. സർജിക്കൽ ഐറ്റംസിനാണ് ലൈസൻസ് നല്കിയിട്ടുള്ളത്.

ബി) 18/467A എന്ന കെട്ടിടത്തിൽ ശ്രീ. അബ്ദുൾ സലാമിന് ചേതന സ്കാനിംഗ് ലാബ്സ്-ന് ലൈസൻസ് നല്കിയിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 17/382, 384 എന്നീ കെട്ടിടങ്ങളിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

സി) 17/433 എന്ന കെട്ടിടത്തിൽ ശ്രീ. മുഹമ്മദ് റഷീദിന് മൊബൈൽ കടയ്ക്ക് ലൈസൻസ് നല്കിയിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റിൽ ഈ സ്ഥാപനം 17/434 എന്ന നമ്പരിൽ ശ്രീ. റിയാസ് എന്നയാളുടെ ഉടമസ്ഥതയിലുള്ളതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (4/13.6.25) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുവെന്ന് അധികൃതർ ഉറപ്പാക്കേണ്ടതുമാണ്.

## 1-14 ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫീ ഈടാക്കിയിട്ടില്ല

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിൽ വളരെ അലംഭാവം കാണിക്കുന്നു.

1. ഭൂരിഭാഗം അപേക്ഷകളിലും കെട്ടിടത്തിന്റെ വിസ്തൃതി, നിലകളുടെ എണ്ണം, എഫ്.എ.ആർ, ഈടാക്കിയ അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, രസീത് നമ്പർ, അപാകതകൾ പരിഹരിക്കുന്നതിനായി തിരികെ നല്കിയ വിവരം, അപാകത പരിഹരിച്ച് ലഭ്യമായ വിവരങ്ങൾ എന്നിങ്ങനെയുള്ള അത്യാവശ്യ വിവരങ്ങളൊന്നും പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തന്മൂലം പെർമിറ്റ് നല്കിയോ നിരസിച്ചോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല.

2. ശ്രീ. ജലാലുദ്ദീൻ എന്ന വ്യക്തിയുടെ 2944/25/22.3.25 ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷയുടെ പ്ലാൻ പ്രകാരം പഞ്ചായത്ത് രേഖകളിൽ 58 $M^2$ലുള്ള വീടിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള 21.64 $M^2$ ക്രമവൽക്കരിക്കുന്നതിനും 107.28 $M^2$ പുതുതായി പണിയുന്നതിനുമായി ആകെ 186.92 $M^2$ വിസ്തൃതിയുള്ള കെട്ടിടത്തിനുള്ള പെർമിറ്റിനാണ് അപേക്ഷിച്ചിട്ടുള്ളത്. ആയതിന്റെ പെർമിറ്റ് ഫീസ് താഴെചേർക്കും പ്രകാരമാണ് നിർണ്ണയിക്കേണ്ടത്.

ക്രമവൽക്കരണ ഫീസ് - 21.64x25x2= 1082/-

പുതിയ നിർമ്മിതിക്കുള്ള പെർമിറ്റ് ഫീസ് - 107.28x50 = 5364/- (ആകെ 150 $M^2$നു മുകളിലുള്ള വിസ്തൃതിയുടെ അടിസ്ഥാനത്തിൽ)

ആകെ ഈടാക്കേണ്ടത് = (1082+5364) 6446/-

ഈടാക്കിയത് - 2985/- (രസീത് നം.25000583/2.5.25)

കുറവ് - 3461/-

മേൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-15 ജനസേവിനി വായനശാലക്ക് ഫർണീച്ചർ -SIDCO സാധനങ്ങൾ വിതരണം ചെയ്തത് ഉയർന്ന നിരക്കിൽ

| | |
|---|---|
| പ്രോജക്ട് | ജനസേവിനി വായനശാലക്ക് ഫർണീച്ചർ |
| പ്രോജക്ട് നമ്പർ | S0173/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, SDVGUPS നീർക്കുന്നം |
| ചെലവ് | ബിൽ നം. 299/24-07-24 രൂപ 149977/- |

ജനസേവിനി വായനശാലക്ക് ഫർണീച്ചർ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിൽ SIDCO, KADCO എന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ക്വട്ടേഷനുകളിൽ കുറവു നിരക്ക് രേഖപ്പെടുത്തിയ SIDCO എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനും പദ്ധതിയുടെ അടങ്കൽ തുകയിൽ ക്രമീകരിച്ച് വർക്ക് ഓർഡർ നൽകുന്നതിന് ഹെഡ്മിസ്ട്രസിനെ ചുമതലപ്പെടുത്തുകയും ചെയ്തു (കമ്മിറ്റി തീരുമാനം നം. 3(2) *12-01-24). ഫയൽ പരിശോധിച്ചതിലെ അപാകത ചുവടെ കൊടുക്കുന്നു.*

SIDCO സാധനങ്ങൾ വിതരണം ചെയ്തത് ഉയർന്ന നിരക്കിൽ

പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം SIDCO യിൽ നിന്നും സാധനങ്ങൾ വാങ്ങിയപ്പോൾ കമ്പ്യൂട്ടർ ചെയർ, പ്ലാസ്റ്റിക് കസേര എന്നിവ വിതരണം ചെയ്തിരിക്കുന്നത് ക്വട്ടേഷനിൽ കാണിച്ചിരുന്നതിനേക്കാളും ഉയർന്ന നിരക്കിലാണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | വാങ്ങിയ നിരക്കും / തുകയും | ക്വട്ടേഷനിലെ നിരക്കും വരുന്ന തുകയും | അധികം | SIDCO യുടെ ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർ ചെയർ | 1 | 5084 +18% GST | 3500 + 18%GST 4130 | 1870 | 221/23-24/ 06-03- |

| | | | | | | |
|---|---|---|---|---|---|---|
| | | | 6000 | | | 24 |
| 2 | പ്ലാസ്റ്റിക് കസേര | 87 | 522 +18%GST (616/-) 53592/- | 480 +18%GST (566/-) 49242/- | 4350 | 222/23-24/ 06-03-24 |
| | | | | | 6220 | |

മേൽചേർത്ത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/16-06-25) അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ചെയ്യും എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിരിക്കുന്നത്. അധികം നൽകിയ 6220/- രൂപ SIDCO യിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-16 തൊഴിലുറപ്പു പദ്ധതി- അമൃത് സരോവർ പദ്ധതിയിൽപ്പെടുത്തി പൊതുകുളം പുനരുദ്ധാരണം വണ്ടാനം ശ്രീധർമ്മശാസ്ത ക്ഷേത്രം

| | |
|---|---|
| വർക്ക് കോഡ് | WH/347545 |
| അടങ്കൽ | 3700233 |
| അളവു പുസ്തകം | 02/2023-24 |
| വെണ്ടറുടെ പേര് | ഉമറുൾഫറൂഖ് |
| ചെലവ് വിവരം | FTO 16803/11-09-24<br>16200/10-03-24<br>16659/26-03-24<br>16214/01-03-24<br>16234/01-03-24<br>16259/01-03-24 |

തൊഴിലുറപ്പു പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ അമൃത് സരോവർ പദ്ധതിയിൽപ്പെടുത്തി വണ്ടാനം ശ്രീധർമ്മശാസ്ത ക്ഷേത്രത്തിലെ പൊതുകുളം പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മെറ്റീരിയിൽ സ്റ്റാക്ക് ചെയ്യാതെ തുക അനുവദിച്ചു.

പ്രവൃത്തിക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കരാർ വെച്ചിട്ടുള്ള ശ്രീ. ഉമറുൾ ഫറൂഖ് ഹാജരാക്കിയ ബിൽ പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. 28-03-23 ൽ വെച്ച കരാർ (18/MNREGS/2023) വ്യവസ്ഥ നം. 7 പ്രകാരം സാധന സാമഗ്രികൾ സൈറ്റിൽ സ്റ്റോക്ക് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം വിതരണക്കാരനിൽ നിക്ഷിപ്തമാണ്. എന്നാൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്യാതെ ഓരോ ഇനം പ്രവൃത്തിക്കും ആവശ്യമായി വരുന്ന അളവ് കണക്കാക്കിയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്.

2. കരാറുകാരൻ കോട്ടു ചെയ്തതിനേക്കാളും ഉയർന്ന നിരക്കിൽ തുക അനുവദിച്ചു.

സാധന സാമഗ്രികളുടെ വില അനുവദിച്ചപ്പോൾ കരാറുകാരൻ കോട്ടു ചെയ്ത നിരക്ക് പരിഗണിക്കാതെ തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | അനുവദിച്ച നിരക്കും തുകയും | കരാർ പ്രകാരം അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 1 | സ്റ്റോൺ | 405.838 $M^3$ @ 1476.30=599139 | 405.838 $M^3$ @ 1464.190=594224 | 4915 |
| 2 | സ്റ്റീൽ | 326.507 Kg @87.32 =28510.59 | 326.507 Kg @86.604 =28277 | 233.59 |
| 3 | 20mm സ്റ്റോൺ അഗ്രിഗേറ്റ് | $10.91m^3$@ 2677.50 = 29211.525 | $10.91m^3$@ 2655.54 = 28972 | 239.525 |
| | | | | |

| | | | | |
|---|---|---|---|---|
| 4 | 10mm സ്റ്റോൺ അഗ്രിഗേറ്റ് | 3.5838 $M^3$ @ 2730 = 9783.774 | 3.5838 $M^3$ @ 2707.61 = 9704 | 79.774 |
| 5 | സാന്റ് | 7.249$m^3$ @ 2677.50 = 19409.20 | 7.249$m^3$ @ 2655.54 = 19250 | 159.2 |
| 6 | ഗ്രാവൽ | 55.10 $M^3$ @1195.16 = 65853 | 55.10 $M^3$ @1170.320 = 64485 | 1368 |
| 7 | ക്വാറി വേസ്റ്റ് | 29.529 $M^3$ @ 1314.99 = 38831 | 29.529 $M^3$ @ 1289.34= 38073 | 758 |
| | | 790738 | 782985 | 7753 |

അധികം നൽകാനിടയായ 7753 (790738 – 782985) തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3.കരാറുകാരൻ സപ്ലൈ ചെയ്ത അളവിനേക്കാൾ കൂടുതൽ അളവിന് തുക അനുവദിച്ചു

മെറ്റീരിയൽ സ്റ്റാക്ക് ചെയ്യാതെ ഓരോ ഇനം പ്രവൃത്തിക്കും ആവശ്യമായി വരുന്ന അളവ് കണക്കാക്കിയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. തുക അനുവദിച്ചപ്പോൾ കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം (13/21-3-24)സപ്ലൈ ചെയ്ത അളവിനേക്കാളും കൂടുതൽ അളവിന് തുക അനുവദിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | അനുവദിച്ച അളവ് | കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം സപ്ലൈ ചെയ്ത അളവ് | അധികം | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 20mm സ്റ്റോൺ അഗ്രിഗേറ്റ് | 41.323 $M^3$ | 37.5787 $M^3$ | 3.7443$m^3$ | 3.7443 @2655.54 =9943 |
| 2 | 10mm സ്റ്റോൺ അഗ്രിഗേറ്റ് | 13.6728 $M^3$ | 12.4430 $M^3$ | 1.23$m^3$ | 1.23 @ 2707.610 = 3330 |
| 3 | സാന്റ് | 38.56 $M^3$ | 36.3440 $M^3$ | 2.216 $M^3$ | 2.216 @2655.54 = 5885 |
| | | | ആകെ | | 19158 |

അധികം നൽകാനിടയായ 19158/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

4 കൺസോളിഡേഷൻ കുറവു ചെയ്യാതെ തുക അനുവദിച്ചു.

പ്രവൃത്തിക്ക് 28-03-23 ൽ വെച്ച കരാർ (18/MNREGS/2023) വ്യവസ്ഥ നം.7 പ്രകാരം സാധന സാമഗ്രികൾ സൈറ്റിൽ സ്റ്റോക്ക് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം വിതരണക്കാരനിൽ നിക്ഷിപ്തമാണ്. എന്നാൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്യാതെ ഓരോ ഇനം പ്രവൃത്തിക്കും ആവശ്യമായി വരുന്ന അളവ് കണക്കാക്കിയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. കുളത്തിന്റെ സ്റ്റെപ്പ് നിർമ്മാണത്തിനായി 56.588$m^3$ ഗ്രാവൽ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതായി രേഖപ്പെടുത്തി 55.10$m^3$ ൽ ക്ലിപ്തപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ 29.813$m^3$ ക്വാറി വേസ്റ്റും ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ട്. മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത് വോയിഡ്സ് കുറവു ചെയ്തതിന് ശേഷമുള്ള അളവിനാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഫില്ലിംഗിന്റെ അളവാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഹെവി മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച്

കൺസോളിഡേഷൻ ഇവിടെ സാധ്യമാകാത്തതിനാൽ CPWD സ്പെസിഫിക്കേഷൻ കോഡ് 1.27.1.2 പ്രകാരം 10% കുറവു ചെയ്ത അളവിനാണ് തുക അനുവദിക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ അധികച്ചെലവിനിടയായി.

| ക്രമ നം. | ഇനം | ചെയ്ത പ്രവൃത്തിയുടെ അളവ് | കുറവ് ചെയ്യേണ്ട അളവ് (10%) | അനുവദിക്കേണ്ട അളവ് | അനുവദിച്ച അളവ് | അധികം |
|---|---|---|---|---|---|---|
| 1. | ഗ്രാവൽ ഫില്ലിംഗ് | $56.588m^3$ | $5.66 M^3$ | $50.93 M^3$ | $55.10 M^3$ | $4.17 M^3$ @ 1170.320 = 4880/- |
| 2. | ക്വാറി വേസ്റ്റും ഫില്ലിംഗ് | $29.813 M^3$ | $2.98 M^3$ | $26.83 M^3$ | $29.529 M^3$ | $2.699 M^3$ @ 1289.34 = 3480 |
| | | | | | | 8360 |

അധികം നൽകാനിടയായ 8360/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

5. സ്കിൽഡ് / സെമിസ്കിൽഡ് വേതനം ഉയർന്ന നിരക്കിൽ അനുവദിച്ചു.

എസ്റ്റിമേറ്റ് പ്രകാരം സ്കിൽഡ് / സെമിസ്കിൽഡ് തൊഴിലാളികൾക്കു് അനുവദനീയമായ വേതനം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| Bhisti | 850 |
| Mason 2nd Class | 950 |
| Mason | 1000 |
| Blacksmith 1st Class | 1000 |

ഇതനുസരിച്ച് സ്കിൽഡ്/സെമിസ്കിൽഡ് തൊഴിലാളികൾക്കുള്ള വേതനമായി പരമാവധി അനുവദിക്കാവുന്നത് 1000/- രൂപയാണ്. എന്നാൽ താഴെചേർക്കുന്ന മസ്റ്റർ റോൾ പ്രകാരം 1320/- രൂപ നിരക്കിലാണ് വേതനം നൽകിയത്. ആയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മസ്റ്റർ റോൾ | തൊഴിൽ ദിനങ്ങൾ | തുക | അനുവദിക്കാവുന്ന തുക |
|---|---|---|---|---|
| 1 | 22724, 22723, 22796, 22801 | 96 | 96 @1320 = 126720 | 96 @1000 = 96000 |
| 2 | 22899, 22900, 22901, 22902 | 90 | 90 @1320 = 118800 | 90 @1000 = 90000 |
| 3 | 24988, 24989, 24990, 24991 | 96 | 96 @1320 = 126720 | 96 @1000 = 96000 |
| 4 | 26012, 26013, 26014, 26015 | 96 | 96 @1320 = 126720 | 96 @1000 = 96000 |
| 5 | 26027 | 4 | 4 @ 1320 = 5280 | 4 @1000 =4000 |
| | | 382 | 504240 | 382000 |

അധികം നൽകാനിടയായ 122240/- (504240 - 382000) രൂപ തൊഴിലാളികളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/17-06-25) മറുപടി നൽകിയില്ല.

## 1-17 എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പിഴവ് - തൊഴിൽദിനം കൂടുതൽ അനുവദിക്കാനിടയായി

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത മുരിങ്ങ നേഴ്സറി നിർമ്മാണം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പിഴവ് കാരണം തൊഴിൽദിനങ്ങൾ കൂടുതൽ അനുവദിക്കാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മുരിങ്ങ നേഴ്സറി നിർമ്മാണം വാർഡ് -12 |
| വർക്ക് കോഡ് | DP/67501 |
| **അടങ്കൽ** | 316857 |
| അളവു പുസ്തകം | 290/23-24 |
| ചെലവു വിവരം | 16338/18-12-2024 |

എ) തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി വാർഡ് -12 ൽ ചെയ്ത മുരിങ്ങ നേഴ്സറി നിർമ്മാണം പ്രവൃത്തിയുടെ അഞ്ചാം ഇനം Watering Bed Two Times Daily For 30 Days എന്നതാണ്. ഇതിന് 6-ാം ഇനമായി വെള്ളം കൊണ്ടു വരുന്നതിന് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന അളവും തുകയും ചുവടെ കൊടുക്കുന്നു.

8 X 30 = 240 @ 333 = 79920/-(240 തൊഴിൽദിനങ്ങൾ)

ഇതേ രീതിയിലാണ് അളവ് രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നത്. Watering Bed Two Times Daily എന്നതനുസരിച്ച് ആറാം ഇനം 30 ദിവസത്തേക്ക് വെള്ളം കൊണ്ടു വരുന്നതിന് യഥാർത്ഥത്തിൽ വരുന്നത് 2 X 30 = 60 തൊഴിൽദിനങ്ങൾ ആണ്. അധികം നൽകാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച തൊഴിൽ ദിനങ്ങൾ | 72.985 @333 = 24304<br>167.015 @346 = 57787<br>ആകെ - 240 |
| അർഹമായ തൊഴിൽദിനങ്ങൾ | 60 |
| അധികം | 180 (240-60) |
| അധികം നൽകിയ തുക | 12.985 @ 333 = 4324<br>167.015 @346 = 57787<br>ആകെ -- 62111 |

ബെഡ് നനച്ചതിൽ അധികം നൽകിയിട്ടില്ല എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ പരാമർശം 6-ാം ഇനമായ നനക്കുന്നതിന് വെള്ളം കൊണ്ടുവരുന്നതുമായിട്ടാണ്. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

ബി) Preperation Of Field Bund (80.8.279) എന്ന ഇനത്തിന് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന അളവ് ചുവടെ കൊടുക്കുന്നു.

8 എണ്ണം X 12 X 1.20 = 115.2 $M^3$ @ 183.15 = 21098.88

ഇതേ രീതിയിലാണ് അളവ് രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഈയിനത്തിൽ ബെഡിന്റെ ഉയരം ഉൾപ്പെടുത്താതിരുന്നത് അളവ് കൂടുതൽ കാണിക്കാനിടയായി. സമാന പ്രവൃത്തികളിൽ ബെഡിന്റെ ഉയരം 0.30 M എന്നാണ് കാണിച്ചിരിക്കുന്നത്. അതിനാൽ ഉയരം കൂടി ഉൾപ്പെടുത്തുമ്പോൾ യഥാർത്ഥത്തിൽ വരുന്ന അളവ് 8x12x1.20x0.30 = 34.56$m^3$ ആണ്. എന്നാൽ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് അധികച്ചെലവിനിടയാക്കി.

അധികം നൽകാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച തൊഴിൽ ദിനങ്ങൾ | 115.2 $M^3$@ 0.55 = 63.36 |
| അർഹമായതൊഴിൽദിനങ്ങൾ | 34.56 $M^3$@ 0.55 = 19 |
| അധികം | 44.36(63.36- 19 ) |
| അധികം നൽകിയ തുക | 44.36 @346 = 15349 |

തെറ്റ് ശ്രദ്ധയിൽപ്പെട്ടെങ്കിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ഓപ്ഷൻ നിലവിൽ ലഭ്യമല്ലാത്തതിനാലും തൊഴിലാളികൾ മസ്റ്റർ റോൾ ഒപ്പിട്ട് പ്രവൃത്തി ചെയ്തതിനാലുമാണ് ഇപ്രകാരം ചെയ്യേണ്ടി വന്നതെന്നാണ് ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/18-06-25) മറുപടി നൽകിയിരിക്കുന്നത്. മേൽ മറുപടി അംഗീകരിക്കുന്നില്ല.

അധികം നൽകാനിടയായ 77460 (62111 + 15349) രൂപ അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മുരിങ്ങ നേഴ്സറി നിർമ്മാണം വാർഡ് -3 |
| വർക്ക് കോഡ് | DP/357176 |
| **അടങ്കൽ** | 489231 |
| അളവു പുസ്തകം | 54/24-25 |
| ചെലവു വിവരം | 56992/28-10-2024 |

എ) തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി വാർഡ് -3 ൽ ചെയ്ത മുരിങ്ങ നേഴ്സറി നിർമ്മാണം പ്രവൃത്തിയുടെ അഞ്ചാം ഇനം Watering Bed Two Times Daily For 30 Days എന്നതാണ്. ഇതിന് 6-ാം ഇനമായി വെള്ളം കൊണ്ടു വരുന്നതിന് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന അളവും തുകയും ചുവടെ കൊടുക്കുന്നു.

8 X 30 = 240 @ 346 = 83040/-(240 തൊഴിൽദിനങ്ങൾ)

ഇതേ രീതിയിലാണ് അളവ് രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നത്. Watering Bed Two Times Daily എന്നതനുസരിച്ച് ആറാം ഇനം 30 ദിവസത്തേക്ക് വെള്ളം കൊണ്ടു വരുന്നതിന് യഥാർത്ഥത്തിൽ വരുന്നത് 2 X 30 = 60 തൊഴിൽദിനങ്ങൾ ആണ്. അധികം നൽകാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച തൊഴിൽ ദിനങ്ങൾ | 240 @ 346 = 83040/- |
| അർഹമായ തൊഴിൽദിനങ്ങൾ | 60 |
| അധികം | 180 (240-60) |
| അധികം നൽകിയ തുക | 180 @ 346 = 62280 |

ബെഡ് നനച്ചതിൽ അധികം നൽകിയിട്ടില്ല എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/18-06-25) മറുപടി നൽകിയിരിക്കുന്നത്. എന്നാൽ പരാമർശം നനക്കുന്നതിന് വെള്ളം കൊണ്ടുവരുന്നതുമായിട്ടാണ്. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

അധികം നൽകാനിടയായ 62280/- രൂപ അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 തൊഴിലുറപ്പ് പദ്ധതി- GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്തില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇ ജി എസ്/16/ആർ.ഇ.ജി.എസ് സർക്കുലറിൽ 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ള വെണ്ടറിന് 2.5 ലക്ഷം രൂപയ്ക്ക്

മുകളിൽ സാധന വില നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി. കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | അനുവദിച്ച സാധന വില | GST കഴിച്ചുള്ള സാധന വില | ഈടാക്കേണ്ടിയിരുന്ന GST (2%) | ചെലവു വിവരം (FTO നമ്പർ/ തീയതി) |
|---|---|---|---|---|---|---|
| 1 | തോട്ടുവ മണ്ണെണ്ണ ബഷീറിന്റെ വീട് മുതൽ ചേക്കാട്ട് മഠം വരെ റോഡ് കോൺക്രീറ്റ് | സഫീർ. എ | 387659 | 369200 | 7384 | 61584/28-06-24 |
| 2 | മഹത്വശ്ശേരി മുതൽ കൊച്ചേഴം വരെ കോൺക്രീറ്റ് റോഡ് നിർമ്മാണം | ജോർജ്ജ് . സി | 364000 | 346667 | 6934 | 16773/22-04-24 |
| 3 | പൊതുകുളം പുനരുദ്ധാരണം വണ്ടാനം ശ്രീധർമ്മശാസ്താക്ഷേത്രം | ഉമറുൾഫറൂഖ് | 2206779 | 2101694 | 42034 | 16803/11-09-24 |
| | | | | | 56352 | |

മേൽചേർത്തിരിക്കുന്ന പ്രവൃത്തികളുടെ GST കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/17-06-25) മറുപടി നൽകിയില്ല.

## <u>1-19 നടപ്പാക്കുവാൻ സാധിക്കാത്ത പദ്ധതിയ്ക്കായി പ്രോജക്ട് ആവിഷ്കരിച്ചു തുക ചെലവഴിച്ചു</u>

പ്രോജക്ടിന്റെ പേര് – ഹൈടെക് അങ്കണവാടിയിൽ അധിക സൗകര്യം ഒരുക്കൽ
പ്രോജക്ട് നം - S0159/25

അടങ്കൽ തുക – 1310500/-

ചെലവ് തുക – 77849/- (റോഡിതരം)
ബിൽ നം. 213/26.03.2025

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW

കരാറുകാരൻ – കെ.മുജീബ്

എഗ്രിമെന്റ് നം - 17/AE/LID&EW/ANGP/2022-23 തീയതി 5.1.2024

ഗ്രാമപഞ്ചായത്തിലെ വാർഡ് നം. 14-ൽ സ്ഥിതി ചെയ്യുന്ന 129-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് കെട്ടിടം പണിയുന്നതിനും ടോയ്‌ലെറ്റ്, വാഷ് ഏരിയ എന്നിവ നിർമ്മിക്കുന്നതിനുമായി 2023-24 വർഷം 1310500 രൂപ അടങ്കലിൽ പ്രോജക്ട് ആവിഷ്കരിക്കുകയും കരാറുകാരനായ കെ.മുജീബ് എന്നയാളുമായി 5.1.2024 ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 2024-25 വർഷം എസ്റ്റിമേറ്റിലെ ക്രമ നം. 11, 13, 14 എന്നീ ഇനങ്ങൾ (നിലവിലെ അങ്കണവാടി കെട്ടിടത്തിന്റെ മുകളിലേയ്ക്കുള്ള സ്റ്റെയർ നിർമ്മാണം) നടപ്പാക്കുന്നതിനായി പദ്ധതി തുകയിൽ നിന്നും 77849/- ചെലവഴിച്ച് പദ്ധതി അവസാനിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ, സർവ്വേ നം. 124/20 ൽ ഉൾപ്പെട്ടതും 1 ആർസ് 21 ച.മീ വിസ്തീർണ്ണമുള്ള സ്ഥലം 4.9.2020 ൽ ശ്രീ.മുഹമ്മദ് ബഷീർ എന്നയാളിൽ നിന്നും 2,10,453 രൂപയ്ക്ക് വാങ്ങുകയും അവിടെ 4.12.2023 ൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുകയും ചെയ്തു. തീരപരിപാലന മേഖലയിൽ ഉൾപ്പെട്ട പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് KCZMA-ൽ നിന്നും അനുമതി വാങ്ങുകയോ ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കുകയോ ചെയ്യാതെയാണ് കെട്ടിടം പണിതത്. ആയതിനാൽ അങ്കണവാടി കെട്ടിടത്തിന് നിലവിലും കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. നിലവിലുള്ള കെട്ടിടം ക്രമവത്കരിച്ച് കിട്ടുന്നതിനും ഒന്നാം നിലയിൽ നിർമ്മാണം നടത്തുന്നതിന് എൻ.ഒ.സി

ലഭിക്കുന്നതിനും പഞ്ചായത്ത് 14.11.2024 ൽ തീരദേശ പരിപാലന അതോറിറ്റിയ്ക്ക് കത്ത് നൽകുകയുണ്ടായി. 2011 ലെ CRZ വിജ്ഞാപന പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള വാസഗൃഹങ്ങൾക്ക് മാത്രമേ ക്രമവത്കരണ അനുമതി നൽകുവാൻ വ്യവസ്ഥയുള്ളുവെന്നും അങ്കണവാടി കെട്ടിടം അതോറിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെ നിർമ്മിച്ചതിനാൽ 2011/2019 CRZ വിജ്ഞാപന പ്രകാരം ക്രമവത്കരണ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്നാണ് പഞ്ചായത്തിന്റെ കത്തിന് KCZMA-ൽ നിന്നും മറുപടി ലഭിച്ചിട്ടുള്ളത്.

KCZMA-ൽ നിന്നും അനുമതി വാങ്ങുകയോ ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കുകയോ ചെയ്യാതെ നിർമ്മിച്ച അങ്കണവാടി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ നിർമ്മാണം നടത്തുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് ഡി.പി.സി അംഗീകാരം വാങ്ങുകയും പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ മാത്രം നിർമ്മാണ അനുമതി തേടുകയും ചെയ്ത പഞ്ചായത്തിന്റെ നടപടി നിയമവിരുദ്ധമാണ്. KCZMA-ൽ നിന്നും അനുമതി ലഭിക്കാതിരുന്നതിനാൽ 13,10,500 രൂപ അടങ്കലിൽ തയ്യാറാക്കിയ മേൽ പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു. KCZMA-ൽ നിന്നും അനുമതി ലഭിക്കാതിരുന്നതിനാൽ ഒന്നാം നില നിർമ്മാണം ഉപേക്ഷിച്ചെങ്കിലും കെട്ടിടത്തിന്റെ ടെറസിൽ ഇലകൾ വീണ് വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കുവാനായി സ്റ്റെയർ നിർമ്മാണം അനിവാര്യമായതിനാലാണ് അത് നടത്തിയതെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ അറിയിച്ചത്. എന്നാൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/17.6.25) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടപ്പാക്കുവാൻ കഴിയുന്നതാണോയെന്ന് കൃത്യമായി പരിശോധിച്ച് ഉറപ്പാക്കാതെ പദ്ധതി ആസൂത്രണ, നിർവ്വഹണ നടപടികളുമായി മുന്നോട്ട് പോയത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ കർശനമായി ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കരണത്തിന് ഫൈൻ ഈടാക്കിയില്ല

ജി.ഒ.(എം.എസ്.)നം.21/2024/PWD തീയതി 02.04.24 ലെ ഉത്തരവ് പ്രകാരം എഗ്രിമെന്റ് അതോറിറ്റിക്ക് പിഴയില്ലാതെ അനുവദിക്കാവുന്ന പരമാവധി സമയം എഗ്രിമെന്റ് പ്രകാരമുള്ള യഥാർത്ഥ സമയത്തിന്റെ പകുതി മാത്രമാണ്. താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികളുടെ ഒറിജിനൽ സമയം 6 മാസമായതിനാൽ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ തീരുമാന പ്രകാരം പിഴയില്ലാതെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നത് 3 മാസം കൂടിയാണ്. പിന്നീടുള്ള കാലതാമസത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% നിരക്കിൽ പിഴ / ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാമെന്നും മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയിട്ടും ഫൈൻ ഈടാക്കിയില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) അയ്യങ്കാളി ജംഗ്ഷൻ - ചർച്ച് റോഡ് അറ്റകുറ്റപ്പണി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അയ്യങ്കാളി ജംഗ്ഷൻ - ചർച്ച് റോഡ് അറ്റകുറ്റപ്പണി |
| പ്രോജക്ട് നമ്പർ | S0 144/25 |
| അടങ്കൽ | 33 ലക്ഷം |
| എഗ്രിമെന്റ് തീയതി | 14.2.2024 |
| സൈറ്റ് കൈമാറിയ തീയതി | 21.2.2024 |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ LID & EW |
| കരാറുകാരൻ | ബൈജു. വി |
| ചെലവു വിവരം | Rs-455095/- (M.G Road – UTR No – RBI0742501632611/ 7.12.2024)<br>Rs-1812274/- ((M.G Road – UTR No – RBI0742501632684/12.2.25 )<br>Rs-662041/- ((M.G Road – UTR No – RBI0742501632617/13.2.25 )<br>Rs-369275/- (തനത് ഫണ്ട്-ചെക്ക് നം 904652/10.3.2025) |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. ഇതനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 20.08.2024 ആണ്. തുടർച്ചയായ മഴമൂലം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 31.12.2024 വരെയും പിന്നീട് 15.1.2025 വരെയും ദീർഘിപ്പിച്ചു നൽകിയതിന് കരാറുകാരൻ സപ്ലിമെന്ററി കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 15.1.2025-ലാണ് (അളവു പുസ്തകം 126026/23 പേജ് 11). ആയതിനാൽ ഈടാക്കേണ്ട ഫൈനിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| PAC | 2795528 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 20.08.2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 15.01.2025 |
| പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം | 4 മാസം 25 ദിവസം |
| പിഴയില്ലാതെ പരാമാവധി ദീർഘിപ്പിക്കാവുന്നത് | 20.11.2024 വരെ |
| പിഴ ഈടാക്കേണ്ട കാലയളവ് | 21.11.2024 മുതൽ 15.1.2025 വരെ |
| ചുമത്തേണ്ട പിഴ | 2795528 X 0.8% (8 ആഴ്ച @0.1%) = 22364/- |

2) ഭജന മഠം - ആറ്റുപുറം റോഡ് വാർഡ് 5

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഭജന മഠം - ആറ്റുപുറം റോഡ് കോൺക്രീറ്റിംഗ് വാർഡ് 5 . |
| പ്രോജക്ട് നമ്പർ | S0 143/25 |
| അടങ്കൽ | 10.10 ലക്ഷം |
| എഗ്രിമെന്റ് തീയതി | 5.9.2023 |
| സൈറ്റ് കൈമാറിയ തീയതി | 6.9.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ LID & EW |
| കരാറുകാരൻ | ബൈജു. വി |
| ചെലവു വിവരം | Rs-266265/- (തനത് ഫണ്ട്-ചെക്ക് നം. 904648/19.3.2025)<br>Rs-667227/- (തനത് ഫണ്ട്-ചെക്ക് നം. 904686/19.3.2025)<br>Rs- 10000/- (CFC Grant – XVFC/2024-25/P/16/13.2.2025) |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. ഇതനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 5.3.2024 ആണ്. റോഡിന് സമീപമുള്ള കുളത്തിൽ വെള്ളം നിറഞ്ഞു കിടക്കുന്നതിനാൽ പണി ആരംഭിക്കുവാൻ കഴിയുന്നില്ലായെന്നും ആയതിനാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കരാറുകാരനുമായി സപ്ലിമെന്ററി കരാർ വെയ്ക്കുകയും 5.9.2024 വരെ സമയം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 26.9.2024 ലാണ് (അളവു പുസ്തകം 73353/23 പേജ് 11). ആയതിനാൽ ഈടാക്കേണ്ട ഫൈനിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| PAC | 849158 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 5.3.2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 26.9.2024 |
| പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം | 6 മാസം 22 ദിവസം |
| പിഴയില്ലാതെ പരാമാവധി ദീർഘിപ്പിക്കാവുന്നത് | 5.6.2024 വരെ |
| പിഴ ഈടാക്കേണ്ട കാലയളവ് | 6.6.2024 മുതൽ 26.9.2024 വരെ |
| ചുമത്തേണ്ട പിഴ | 849158 X 1.6% (16 ആഴ്ച @0.1%) = 13586/- |

മേൽ പ്രോജക്ടുകൾ പ്രകാരം, ഫൈൻ ഇനത്തിൽ കുറവു വന്ന 35950/- രൂപ (22364+13586) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ (മഴ, വെള്ളക്കെട്ട് എന്നിവ) സമയം ദീർഘിപ്പിച്ചു നൽകിയതിനാലാണ് പിഴ ഈടാക്കാതിരുന്നത് എന്നാണ് ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/17.6.25) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. പിഴയില്ലാതെ നീട്ടി നൽകാവുന്നത് യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ പകുതി മാത്രമാണ് എന്നതിനാലും കരാർ ചമച്ച് ഒരു വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത് എന്നതിനാലും പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളിൽ വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം കൃഷി ഓഫീസർ നടപ്പാക്കിയ വാഴവിത്തു വിതരണം (പ്രോജക്ട് നം-S0208/25), ഞങ്ങളും കൃഷിയിലേക്ക്-വനിതകൾക്ക് മൺചട്ടി വിതരണം (പ്രോജക്ട് നം-S0033/25) എന്നീ പദ്ധതികൾക്കായി യഥാക്രമം ₹2,70,000/-, ₹16,80,000/-വീതം ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

01) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ബാധകമായ മാർഗ്ഗരേഖ ജി.ഒ.(പി) നം.259/2010/ത.സ്വ.ഭ.വ./8.11.2010 പ്രകാരം 5,000 രൂപ മുതൽ 25,000 രൂപ വരെയുള്ള വാങ്ങലുകൾ മാത്രം ക്വട്ടേഷനിലൂടെയും 25,000 രൂപയ്ക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള എല്ലാ വാങ്ങലുകളും ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയും 5,00,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഇ-ടെണ്ടർ വഴിയുമാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരത്തോടെ നടത്തേണ്ടത്. അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങൽ നടത്താമെങ്കിലും ഇത്തരം സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന വിവിധ ഉത്പന്നങ്ങൾ അംഗീകൃത സർക്കാർ നിരക്കിൽ വാങ്ങുന്നതിന് മാത്രമാണ് നടപടി ക്രമങ്ങളിൽ ഇളവ് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ക്വട്ടേഷൻ, ടെണ്ടർ എന്നിവ കൂടാതെ നേരിട്ട് കെയ്കോ എന്ന സർക്കാർ സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

02) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഒരേയിനം കാർഷിക വിത്തുകളും ഉപകരണങ്ങളും അനുബന്ധ കാർഷികോപാധികളും തദ്ദേശസ്ഥാപനങ്ങൾക്ക് വിതരണം നടത്തിവരുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നു് ലിമിറ്റഡ് ടെണ്ടർ വഴിയോ ഇ-ടെണ്ടർ നടപടി വഴിയോ സാധനങ്ങൾ സമാഹരിക്കുന്നത് വഴി വിവിധ സ്ഥാപനങ്ങളുടെ മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നതിനും വ്യത്യസ്തമായ സാധനങ്ങളുടെ നിരക്കുകളും ഗുണമേന്മയും താരതമ്യപ്പെടുത്തുന്നതിനും അവസരം ലഭിക്കുന്നുണ്ട്. ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി വിലയ്ക്കാണ് കെയ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടപടികൾ വഴി സാധനങ്ങൾ വാങ്ങുന്ന സമയത്ത് പരമാവധി വില നൽകേണ്ട സാഹചര്യമില്ല. അതിനാൽത്തന്നെ ചെലവഴിക്കുന്ന തുകക്ക് കൂടുതൽ പേർക്ക് ആനുകൂല്യം നൽകുന്നതിനോ അധികമായി ലഭ്യമാകുന്ന തുകക്ക് മറ്റ് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനോ സാധിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ടെണ്ടർ നടപടികളുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താതിരുന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-16/13-06-2025) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിലെ വാങ്ങലുകളിൽ ഈ നടപടിക്രമങ്ങൾ പാലിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കാർഷിക മേഖലയിൽ നടപ്പാക്കുന്ന പ്രോജക്ടുകളിൽ വിലക്കുറവും കൂടുതൽ ഗുണമേന്മയും ഉള്ള വിത്തുകളും കാർഷികോപാധികളും ലഭിക്കുന്നതിനും കൂടുതൽ പേരിലേക്ക് പ്രോജക്ടുകളുടെ ഗുണഫലം എത്തിക്കുന്നതിനും മത്സരാധിഷ്ഠിത വാങ്ങലുകൾ വഴി സാധിക്കുന്നതാണ്. ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

## 1-22 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഡ്രൈവർക്ക് യാത്രാപ്പടി നല്കുന്നു

ഗ്രാമപഞ്ചായത്തിലെ ഡ്രൈവർക്ക് വിവിധ യാത്രകൾക്ക് ആകെ 17150/- രൂപ (വൌച്ചർ നം.22400579/9.9.24 – ചെക്ക് നം./തുക- 642551/6.9.24 -33000/-) യാത്രാപ്പടി അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ. പാർട്ട് II റൂൾ 110 പ്രകാരം 8 കിലോമീറ്ററിലധികരിക്കുന്നതും 6 മണിക്കൂറിൽ അധികം സമയമെടുക്കുന്നതുമായ യാത്രകൾക്ക് അര ദിനബത്തയും 32 കിലോമീറ്ററിൽ അധികരിക്കുന്നതോ 12 മണിക്കൂറിൽ അധികം വരുന്നതോ ആയ യാത്രകൾക്ക് ഒരു ദിനബത്തയുമാണ് അനുവദനീയമായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഡ്രൈവർക്ക് 6 മണിക്കൂറിൽ അധികമാകാത്തതും 32 കിലോമീറ്ററിൽ കുറവുള്ളതുമായ യാത്രകൾക്ക് ദിനബത്ത അനുവദിച്ചിട്ടുണ്ട്. നിയമാനുസൃതമായി മാത്രം ദിനബത്ത അനുവദിക്കുന്നതിനും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്റ്റേഷനറി, മറ്റ് ഉപകരണങ്ങൾ വാങ്ങൽ - നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിലേക്കും സബ് സെന്ററുകളിലേക്കും സ്റ്റേഷനറി, ലാബ് റീഏജന്റുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 2024-25 ൽ വ്യത്യസ്ത

പ്രോജക്ടുകൾ തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

01) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ബാധകമായിട്ടുള്ളത് ജി.ഒ.(പി) നം.259/2010/ത.സ്വ.ഭ.വ./8.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയാണ്. ഇതിലെ ഖണ്ഡിക 2.3 (ബി,സി,ഡി) എന്നിവ പ്രകാരം സ്ഥാപനത്തിൽ ഒരു സാമ്പത്തിക വർഷം ആകെ വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും കണക്കെടുപ്പ് നടത്തുകയും ബാധകമായ സമാഹരണ രീതി പ്രകാരം വാങ്ങുന്നതിനും ഓഫീസ് ഫർണ്ണീച്ചർ, ഉപകരണങ്ങൾ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു പകരം നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളിൽ ഒരേ പ്രോജക്ടിലെ ആവശ്യങ്ങൾ തന്നെ പലതായി വിഭജിച്ച് പല തവണകളായി വാങ്ങൽ നടത്തിയിട്ടുണ്ട്. ഇത് മൂലം ബൾക്ക് പർച്ചേസുകൾക്ക് ലഭിക്കുന്ന വിലക്കിഴിവ് പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കാത്ത സ്ഥിതിയുണ്ടായി. കൂടാതെ പല തവണകളായി നടത്തുന്ന വാങ്ങലുകൾ മൂലം പ്രോജക്ടുകളിലെ അധിക കാലതാമസം, നടപടി ക്രമങ്ങളിലെ സങ്കീർണ്ണതകൾ, അധിക രേഖകളുടെ സൂക്ഷിപ്പ്, അധിക മനുഷ്യവിഭവ ശേഷി എന്നിവയും ഇതിന് പുറമേയായി വേണ്ടി വരുന്ന സാഹചര്യമുണ്ട്.

2) തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമായ വാങ്ങൽ മാർഗ്ഗരേഖ പ്രകാരം 5,000 രൂപ മതൽ 25,000 (ഗ്രാമപഞ്ചായത്തുകളിൽ) രൂപ വരെ മാത്രം ക്വട്ടേഷനിലൂടെയും 25,000 രൂപക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള എല്ലാ വാങ്ങലുകളും ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയും 5,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഇ-ടെണ്ടർ വഴിയുമാണ് നടത്തേണ്ടത്. പഞ്ചായത്തിൽ നടപ്പാക്കിയ പല പദ്ധതികളിലും ക്വട്ടേഷൻ നടപടി സ്വീകരിക്കേണ്ടവയിൽ ക്വട്ടേഷനില്ലാതെയും ടെണ്ടർ നടത്തേണ്ടവയിൽ ക്വട്ടേഷൻ വഴിയുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

ഉദാ: പ്രോജക്ട് നം.S0075/25 പി.എച്ച്.സിയിലെ ദൈനംദിന ചെലവുകൾ (New) എന്ന പ്രോജക്ട് പ്രകാരം മെ.അക്ഷര ഓഫ്സെറ്റ് പ്രസ് എന്ന സ്ഥാപനത്തിന് പ്രിന്റിംഗിനായി ₹30,215/- രജിസ്റ്ററുകൾ വാങ്ങുന്നതിന് ₹11,035/-, ₹13,424/- എന്നിങ്ങനെയും ചെലവഴിച്ചിട്ടുണ്ട്. അതേ പോലെ പ്രോജക്ട് നം.S0195/25 പി.എച്ച്.സിയിലെ ദൈനംദിനചെലവുകൾ (സ്പിൽ ഓവർ) എന്ന പ്രോജക്ട് പ്രകാരം മെ.അക്ഷര ഓഫ്സെറ്റ് പ്രസ് എന്ന സ്ഥാപനത്തിന് ₹26,200/-, മെഡിസിൻ കവറുകൾ വാങ്ങുന്നതിന് ₹40,200/- ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നം- S0119/25 ജീവിതശൈലിരോഗ നിയന്ത്രണം എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട്, മെ.അക്ഷര ഓഫ്സെറ്റ് പ്രസ് എന്ന സ്ഥാപനത്തിൽ നിന്നും ₹9,000/- ചെലവഴിച്ച് രജിസ്റ്ററുകൾ വാങ്ങിയിട്ടുണ്ട്. ഈ വാങ്ങലുകളിലൊന്നും ടെണ്ടർ/ ക്വട്ടേഷൻ നിബന്ധന പാലിച്ചിട്ടില്ല.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം- 15/13-06-2025) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിലെ വാങ്ങലുകളിൽ ഈ നടപടിക്രമങ്ങളും പരിധിയും പാലിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ നടപ്പാക്കുന്ന പ്രോജക്ടുകളിലുൾപ്പടെ വാങ്ങലുകളിൽ കൃത്യമായ നടപടിക്രമങ്ങളും പരിധികളും പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ B-18 ഷെഡ്യൂൾ 460100101-Festival Advance എന്ന ഹെഡ് പ്രകാരം ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് ₹20,000/-രൂപ-തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം 2024-25 സാമ്പത്തിക വർഷം 8 ജീവനക്കാർക്കായി 1,45,000 യാണ് അഡ്വാൻസ് നൽകിയിട്ടുള്ളത്. ഇതിൽ ശ്രീ.പത്മകുമാർ എന്ന ജീവനക്കാരന് അനുവദിച്ച 20,000 രൂപയാണ് തിരികെ ലഭിക്കാനുള്ളത്. ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ച സർക്കാർ ഉത്തരവിൽ (ജി.ഒ (പി). 77/2024/ധന തീയതി 06/09/2024 ഖണ്ഡിക 5 പ്രകാരം അഞ്ച് തുല്യ തവണകളായി ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുകയിലെ ഒരുഗഡു പോലും സാമ്പത്തിക വർഷാവസാനത്തിന് ശേഷവും തിരികെ ഈടാക്കിയിട്ടില്ല. ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയ ശേഷം തിരികെ നൽകാത്ത ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന ഓഫീസിന്റെ വിവരം, തുക തിരികെ ഈടാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-3/10-06-2025) തുക ഈടാക്കാൻ ജീവനക്കാരന് കത്ത് നൽകിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 നിർവ്വഹണ ഉദ്യോഗസ്ഥർ കൈപ്പറ്റിയ അഡ്വാൻസ് തുക ക്രമീകരിച്ചില്ല

2024-25 വർഷത്തെ വാർഷിക കണക്ക്, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾക്ക് മുൻവർഷങ്ങളിൽ ദൈനംദിന ചെലവുകൾക്കായി നൽകിയ അഡ്വാൻസ് തുകയിൽ 123919/- രൂപ ഇപ്പോഴും ക്രമീകരിക്കാതെ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | കൈപ്പറ്റിയ തീയതി | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 01 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.ഐ.ഡി & ഇ.ഡബ്ല്യൂ | 04.06.2020 | 13040 |
| 02 | | 16.11.2021 | 36960 |
| 03 | | 22.08.2022 | 35026 |
| 04 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 12.08.2021 | 1681 |
| 05 | | 08.08.2022 | 37008 |
| 06 | കൃഷി ഓഫീസർ | 22.11.2022 | 204 |
| | ആകെ തുക | | 123919 |

മേൽ പരാമർശിച്ച മുൻകൂറുകൾ നാളിതുവരെ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 19/13.6.2025) നൽകിയതിനെ തുടർന്ന് മെഡിക്കൽ ഓഫീസർ, ഹോമിയോ കൈപ്പറ്റിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.ഐ.ഡി ഇ.ഡബ്ല്യൂ, കൃഷി ഓഫീസർ എന്നിവരിൽ നിന്നും ഇനിയും ലഭിക്കുവാനുള്ള തുകയുടെ ചെലവ് രേഖകളും, വിനിയോഗ സാക്ഷ്യപത്രങ്ങളും വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 വീട് വാസയോഗ്യമാക്കൽ- അഡ്വാൻസ് വാങ്ങിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | S 0142/25<br>വീട് വാസയോഗ്യമാക്കൽ -ജനറൽ |
| അടങ്കൽ | ₹16,37,500/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹7,25,000/-<br>(വികസനഫണ്ട്-ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നീർക്കുന്നം |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നീർക്കുന്നം നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (ജനറൽ) എന്ന പ്രോജക്ട് പ്രകാരം 33 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണികൾക്കായി ധനസഹായം നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ₹25,000/- രൂപ വീതമാണ് ധനസഹായം അനുവദിക്കുന്നത്. ഏതാനും ഗുണഭോക്താക്കൾക്ക് ആകെ ധനസഹായത്തിന്റെ പകുതി തുകയായ ₹12,500/- വീതം അഡ്വാൻസായും അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ട് അഡ്വാൻസ് വാങ്ങിയ ശ്രീ.സുരേഷ്, കളത്തിൽ, നീർക്കുന്നം എന്ന ഗുണഭോക്താവ് കരാർ കാലാവധി അവസാനിച്ച ശേഷവും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് അവസാനഗഡു തുക കൈപ്പറ്റിയിട്ടില്ല. വിശദവിവിവരം ചുവടെ ചേർക്കുന്നു.

| **ഗുണഭോക്താവിന്റെ പേര്, വിലാസം** | **ചെക്ക് നം. / തീയതി** | **നൽകിയ തുക** |
|---|---|---|
| സുരേഷ്, കളത്തിൽ, നീർക്കുന്നം | ചെക്ക് നം.247680 Dt. 17/01/2025 | ₹12,500/- |

ഗുണഭോക്താവ് പണി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ രേഖ, അഡ്വാൻസ് തുക തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ, തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (എൻക്വയറി നം-28/17-06-2025), എക്സിറ്റ് മീറ്റിംഗിലെ പരാമർശത്തിനും, ഗുണഭോക്താവിന്റെ വീട് അറ്റകുറ്റപ്പണി പൂർത്തീകരിക്കുന്ന തിനാവശ്യമായ ഇടപെടലുകൾ നടത്തുമെന്നും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. അഡ്വാൻസ് നൽകിയതിന്റെ സമയപരിധിക്ക് ശേഷവും ഗുണഭോക്താവ് നിർമ്മാണപ്രവൃത്തികൾ

ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 12,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-27 അങ്കണവാടികളിൽ അനുപൂരകപോഷകാഹാരവും റ്റി.എച്ച്.ആർ.എസും- അരിയർ ബില്ലുകളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0109/25 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികളിൽ അനുപൂരകപോഷകാഹാരവും റ്റി.എച്ച്.ആർ.എസും |
| അടങ്കൽ | ₹21,45,283.00-വികസനഫണ്ട് ജനറൽ & കേന്ദ്ര ഗ്രാന്റ് |
| ചെലവ് വിവരം | ₹12,58,196.00-വികസനഫണ്ട് ജനറൽ & കേന്ദ്ര ഗ്രാന്റ്<br>TRN No-240603000000002597 Dtd 11/06/2024 Rs. 10,38,246/-<br>Cheque No-642524 Dtd 16/08/2024 Rs.219950/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടികളിൽ അനുപൂരകപോഷകാഹാരവും റ്റി.എച്ച്.ആർ.എസും എന്ന സ്പിൽ ഓവർ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം നടത്തിയ ചെലവുകളുടെ ബിൽ തുകയും നിലവിലെ പ്രോജക്ടിൽ നിന്നും മാറി നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. 18/05/2021 ൽ 50-ാം നമ്പർ ബിൽ പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ ബാക്കി തുകയായി 126005 രൂപയും 29/09/2021 ൽ 57-ാം നമ്പർ ബിൽ പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ ബാക്കി തുകയായി 15097 രൂപയും ഉൾപ്പടെ ആകെ 141102 രൂപയാണ് അങ്കണവാടി പോഷകാഹാര വിതരണത്തിനായി ഭക്ഷ്യവസ്തുക്കൾ വിതരണം നടത്തുന്ന കക്കാഴം-നീർക്കുന്നം സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിട്ടുള്ളത്. 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെല്ലാം അനുപൂരകപോഷകാഹാര വിതരണത്തിനായി പ്രോജക്ടുകൾ ഏറ്റെടുക്കുകയും തുക ചെലവഴിക്കുകയും ചെയ്ത സാഹചര്യത്തിലും ഈ തുക മുമ്പ് നൽകാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമായിട്ടില്ല. സാധനവിതരണത്തിനുള്ള തുക ലഭിക്കാനുള്ളതായി വിതരണസ്ഥാപനം കത്തുകളൊന്നും നൽകിയിട്ടില്ല. ഇത്രയും പഴയ ബില്ലുകളുടെ തുക നൽകുന്നതിന് മുന്നോടിയായി തുക ഇതിനുമുമ്പ് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദമായ പരിശോധന നടത്തിയതായോ കണക്കുകൾ പ്രത്യേകം തയ്യാറാക്കിയതായോ ഉള്ള രേഖകളൊന്നും ലഭ്യമായിട്ടില്ല. ഇതേ പ്രോജക്ടിൽ തന്നെ വികസനഫണ്ടിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ മെയ് 2023, ആഗസ്റ്റ് 2023, ഒക്ടോബർ 2023, ജനുവരി 2024 മാസങ്ങളിലെ ബിൽ തുക കക്കാഴം -നീർക്കുന്നം സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് ശേഷമുള്ള കാലയളവിലെ (2023 ഡിസംബർ മുതൽ) മുൻ സാമ്പത്തിക വർഷം തന്നെ മാറി നൽകിയിരുന്നതാണ്. ഇപ്രകാരം ക്രമാനുഗതമല്ലാതെ തുക ചെലവഴിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം നടത്തിയ ചെലവുകളുടെ ബിൽ തുക വ്യക്തമായ ചെലവ് കണക്കുകൾ, ഭരണസമിതി തീരുമാനം എന്നിവയില്ലാതെ നിലവിലെ പ്രോജക്ടിൽ നിന്നും മാറി നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-35/18-06-2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖകൾ കൃത്യമല്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 141102/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവിനെ സാധൂകരികരിക്കുന്ന രേഖകൾ വിശദമായ കണക്കുകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവ് കെയർ- കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0117/25 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | ₹ 2,74,409.00 വികസനഫണ്ട് ജനറൽ |

| | |
|---|---|
| | ₹ 1,03,206.00 പഞ്ചായത്ത് തനത് ഫണ്ട് |
| ചെലവ് വിവരം | ₹ 1,94,417.00 വികസനഫണ്ട് ജനറൽ<br>₹ 99,957.00 പഞ്ചായത്ത് തനത് ഫണ്ട്<br>TRN-240603000000002636 Dtd 12/06/2024<br>ചെക്ക് നം-904683 Dtd 29/03/2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

പാലിയേറ്റീവ് കെയർ പ്രോജക്റ്റുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ആയുർവേദ, ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നം.PRF/204526/15/03/2024 പ്രകാരം ₹25,000 രൂപ ഔഷധിക്കും പ്രൊഫോർമ ഇൻവോയ്സ് നം.PRF/1445/13/03/2024 പ്രകാരം ₹10,000 രൂപ ഹോംകോക്കും നൽകിയിട്ടുണ്ട്. മരുന്ന് വിതരണം ചെയ്യുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മരുന്ന് വിതരണം ചെയ്യുന്നതിനായി തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ മരുന്ന് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

01) ഔഷധി, തൃശ്ശൂർ

| | |
|---|---|
| 1.ഇൻവോയ്സ് നം./തീയതി | PRF/204526/15/03/2024 |
| 2.മരുന്നിനായിമുൻകൂർ നൽകിയ തുക | ₹25,000 |
| 3.ഇതുവരെ ലഭിച്ച മരുന്നിന്റെ മൂല്യം | 0 |
| 4.ഇനിയും ലഭിക്കാനുള്ള മരുന്നിന്റെ മൂല്യം | ₹25,000 |

02)ഹോംകോ, ആലപ്പുഴ

| | |
|---|---|
| 1.ഇൻവോയ്സ് നം./തീയതി | PRF/1445/13/03/2024 |
| 2.മരുന്നിനായി മുൻകൂർ നൽകിയ തുക | ₹10,000 |
| 3.ഇതുവരെ ലഭിച്ച മരുന്നിന്റെ മൂല്യം | 0 |
| 4.ഇനിയും ലഭിക്കാനുള്ള മരുന്നിന്റെ മൂല്യം | ₹10,000 |

നാളിതുവരെ മരുന്നുകളൊന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ ഇവ ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം–07/2025) നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലഭിക്കാത്ത മരുന്നുകളുടെ വില 35,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 വൃദ്ധജനങ്ങൾക്ക് കട്ടിൽ – ഗ്രാമസഭ അംഗീകരിക്കാത്തവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തു

പ്രോജക്റ്റിന്റെ പേര് - വൃദ്ധജനങ്ങൾക്ക് കട്ടിൽ (എസ്.സി)

പ്രോജക്റ്റ് നം. - S0090/25

അടങ്കൽ തുക – 50000/-

ചെലവ് തുക – 48894/- (വികസന ഫണ്ട്, എസ്.സി.പി)

UTR No – RBI0742501632771/ 14.3.2025

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം കാഡ്കോയിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിനായി വികസന ഫണ്ടിൽ നിന്നും 48894/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ 6 പേർക്കും 28.1.2025 ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം നമ്പർ 2(6) പ്രകാരം തെരഞ്ഞെടുത്ത 6 പേർക്കും ഉൾപ്പെടെ 12 ഗുണഭോക്താക്കൾക്കാണ് കട്ടിൽ നൽകിയിട്ടുള്ളത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയ നടപടിയ്ക്ക് അടുത്ത ഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതിനും 28.1.2025 ലെ യോഗത്തിൽ

തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നടപടി ഗ്രാമസഭ സാധൂകരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/15.6.25) 25.1.2025-നാണ് അവസാനമായി ഗ്രാമസഭ കൂടിയതെന്നും അടുത്ത ഗ്രാമസഭ 06/2025 മുതൽ ആരംഭിക്കുന്നതാണെന്നും 28.1.2025 ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വിവരം ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം ലഭ്യമാക്കി അറിയിക്കുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. സാധൂകരണം വാങ്ങി രേഖകൾ ഹാജരാക്കുന്നതു വരെ 24447/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 മരണങ്ങൾ യഥാസമയം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നില്ല

ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യുന്ന മരണങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/13.6.25), നിലവിൽ മരണവിവരം അറിയിക്കുന്നില്ല എന്നാണ് നേരിൽ മറുപടി ലഭ്യമാക്കിയത്. മരണങ്ങൾ യഥാസമയം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അറിയിക്കാത്തത് മരണമടഞ്ഞവരുടെ ക്ഷേമപെൻഷനുകൾ തുടർന്നും അനുവദിക്കുന്നതിനു് ഇടയാക്കുന്നതാണ്. യഥാസമയം മരണം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പൊതുസ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തി

പ്രോജക്ടിന്റെ പേര് - പൊതുസ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ

പ്രോജക്ട് നം. - S0245/25

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി
ചെലവ് തുക – 99288/-രൂപ (ബിൽ നം. XVFC/2024-25/P/19/ 21.1.25)

പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് തടയുന്നതിനായി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിനായി തൻവർഷം ഏറ്റെടുത്ത പ്രോജക്ടാണിത്. ഇതിനായി സി.എഫ്.സി ടൈഡ് ഗ്രാന്റിൽ നിന്നും 99288/-രൂപയും ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും 231672/-രൂപയും വകയിരുത്തിയിരുന്നെങ്കിലും വർഷാവസാനം ശുചിത്വ മിഷൻ ഫണ്ട് ലഭിക്കാതിരുന്നതിനാൽ സി.എഫ്.സി ടൈഡ് ഗ്രാന്റ് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ കൊടുക്കുന്നു.

<u>അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തി</u>
സർക്കാർ സ്ഥാപനമായ IRTC-യിൽ നിന്നും ബോട്ടിൽ ബൂത്തുകൾ വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. എന്നാൽ മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തുന്നതിന് മുമ്പ് പ്രോജക്ട് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങേണ്ടതായിരുന്നു. എന്നാൽ ആയത് പാലിക്കാതെയാണ് ടെണ്ടർ മുഖേന വാങ്ങൽ നടത്തിയിട്ടുള്ളത്. മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്കിൽ വാങ്ങൽ നടത്തുവാൻ കഴിയുമെന്നതിനാലാണ് ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്തിയതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18/15.6.2025) മറുപടി നൽകിയത്. അംഗീകൃത പദ്ധതി രേഖയിൽ ആവശ്യമായ മാറ്റം വരുത്തി അംഗീകാരം വാങ്ങിയതിന് ശേഷമേ ടെണ്ടർ മുഖേന വാങ്ങൽ നടത്തുവാൻ പാടുള്ളു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-32 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ ചേർത്തിട്ടുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിന് ഹോംകോ, ആലപ്പുഴക്ക് മുൻകൂർ തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെ പൂർണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നം, പേര്** | **S0065/25**<br>ഹോമിയോ |

| | |
|---|---|
| | ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ |
| പ്രോഫോർമ ഇൻവോയിസ് നം., തീയതി | PRF-1166/22-01-2025 |
| അടങ്കൽ | 400,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹4,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ബിൽ.നം, തീയതി | TRN No. -240603000000010833/31-01-2025 |
| ലഭ്യമായ തുകയുടെ മരുന്നുകൾ (ഹാജരാക്കിയ ഇൻവോയിസ് പ്രകാരം) | ₹1,41,247/- (എൽ.എഫ് 2838/ തീയതി 07/03/2025) |
| ഇനി ലഭ്യമാകുവാൻ അവശേഷിക്കുന്ന തുകയുടെ മരുന്നുകൾ | ₹ 2,58,753/- (400000-141247) |

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ **ഓഡിറ്റ് എൻകയറി 11/13-06-2025 ന്** ബാക്കി മരുന്നുകൾ ഉടനെ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചതായി മറുപടി നൽകി. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതു വരെ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,58,753/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറക്ക് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-33 ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യിട്ടില്ല

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1 % നിരക്കിലും മറ്റുള്ളവരിൽ നിന്നും 2 % നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ **കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾക്ക് A.M.C** (S0004/25) പ്രകാരം കെൽട്രോണിന് ₹ 1,48,857 നൽകിയിട്ടുണ്ട്. എന്നാൽ ഈ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **പ്രോജക്ടിന്റെ പേര്/നമ്പർ** | **കൈമാറിയ തുക** | **ഈടാക്കേണ്ടിയിരുന്ന നികുതി** | **കരാർ സ്ഥാപനം** |
|---|---|---|---|---|
| 1 | കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾക്ക് A.M.C (S0004/25) | **₹85,196/-** (TRN240603000000003567 Dtd 09/07/2024) **₹63,661/-** CFC- Vou No XVFC/2024-25/P/29 Dtd 11/03/2025) | **₹2,977/-** | മെ.കെൽട്രോൺ |
| | **ആകെ** | | **₹2,977/-** | |

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം-6/12-06-2025) നൽകിയ മറുപടിയിൽ തുക ഈടാക്കി ഒടുക്കുമെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-34 മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ഹാജരാക്കിയില്ല

വൌച്ചർ നം.22400165/18.5.24(ചെക്ക് നം.646456/17.5.24) പ്രകാരം മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വമിഷനിൽ നിന്നും റീകൂപ്പ് ചെയ്ത് ലഭ്യമാകും എന്നതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും 180000/- രൂപ മെഡിക്കൽ ഓഫീസറിന് (എഫ്.എച്ച്.സി) മുൻകൂർ അനുവദിച്ചിരുന്നു. എന്നാൽ തുക ശുചിത്വമിഷനിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല. ഇതു

സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/13.6.25) മറുപടി ലഭ്യമാക്കിയില്ല.
മുൻകൂർ തുക തിരികെ ലഭ്യമാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-35 ലൈഫ് ഭവന പദ്ധതി -ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതി (**എസ്.സി വിഭാഗം**) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വച്ച് ആദ്യ ഗഡു കൈപ്പറ്റിയിട്ടും പിന്നീട് ഭവന നിർമ്മാണം നടത്താത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ഗുണഭോക്താവിന്റെ പേര്** | **തുക കൈപ്പറ്റിയതിന്റെ വിവരം** |
|---|---|---|
| 1 | ആശ സജനകുമാർ, ചെമ്പകശ്ശേരി, വരമ്പുചിറ, വാർഡ് -9 | ആദ്യഗഡു കൈപ്പറ്റിയ തീയതി -20/03/2021<br>ആകെ കൈപ്പറ്റിയ തുക-40,000 |
| 2 | ശാരദ, കണ്ണംതറ, വണ്ടാനം, വാർഡ് -7 | ആദ്യഗഡു കൈപ്പറ്റിയ തീയതി -30/09/2021<br>ആകെ കൈപ്പറ്റിയ തുക- ₹ 40,000/- |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നത് ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.29 തീയതി 17/06/2025) എക്സിറ്റ് മീറ്റിംഗിലെ പരാമർശത്തിനും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമെന്നും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

**1-36 ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ - ബില്ലിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നം. | S0212/25 |
| പ്രോജക്ടിന്റെ പേര് | സാമൂഹികാരോഗ്യ കേന്ദ്രത്തിലെയും സബ് സെന്ററുകളിലെയും **ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ** |
| അടങ്കൽ | ₹91,000.00-ഹെൽത്ത് ഗ്രാന്റ് |
| ചെലവ് വിവരം | ₹91,000.00-ഹെൽത്ത് ഗ്രാന്റ്<br>PFMS Id C032557868657 Dtd 18/03/2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി, |

ഗ്രാമപഞ്ചായത്തിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിലെയും സബ് സെന്ററുകളിലെയും പെയിന്റിംഗ്, ബ്രാൻഡിംഗ് പ്രവൃത്തികൾക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നത് മെ.ഗോൾഡൻ ഐ പ്രിന്റേഴ്സ്, കായംകുളം എന്ന സ്ഥാപനമാണ്. സ്ഥാപനം നൽകിയ ബിൽ പ്രകാരം ₹82,116/- നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ചുവെങ്കിലും നിയമാനുസൃത ആദായനികുതി 2% സ്രോതസ്സിൽ കുറവ് ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇത് മൂലം ₹1642 സ്ഥാപനത്തിന് അധികം നല്കിയിട്ടുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. കൂടാതെ പാൻകാർഡ് സമർപ്പിക്കാത്ത പ്രവൃത്തികൾക്ക് വകുപ്പ് 206 (AA) പ്രകാരം 20 % ആദായ നികുതി ഈടാക്കേണ്ടതാണ്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ

നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. കൂടാതെ കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ / ഏജൻസിയുടെ പാൻകാർഡ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.13/13-06-2025) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി ഏറ്റെടുത്ത സ്ഥാപനത്തിൽ നിന്നും നികുതി തുക ഈടാക്കി ഒടുക്കുവാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

**1-37 പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു**

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ/കൈപ്പറ്റ് രസീതികൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | കൈമാറിയ തുക | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 1 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S0008/25) | **₹37,108/-** (വൌച്ചർ നം- XVFC/2024-25/ P/6 Dtd 04/01/2025) | കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രിക്കൽ സെക്ഷൻ, അമ്പലപ്പുഴ |
| 2 | തെരുവുവിളക്ക് നീട്ടൽ (S0007/25) | **₹4,24,608/-** XVFC/2024-25/P-18 Dtd 19/02/2025) XVFC/2024-25/P-46/Dt26/03/2025) | കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രിക്കൽ സെക്ഷൻ, അമ്പലപ്പുഴ |
| 3 | ഐ.കെ.എം - വിഹിതം നൽകൽ (S0003/25) | **₹89630/-**(TRN-24060300000003566 Dtd 09/07/2024) | ഐ.കെ.എം |
| 4 | വൃത്തി -കോൺക്ലേവ് വിഹിതം നൽകൽ (S0263/25) | ₹**25000/-(ചെക്ക് നം – 904672/25/03/25)** | ശുചിത്വമിഷൻ |
| | **ആകെ** | **₹ 5,76,346/-** | |

ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിയുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗസാക്ഷ്യപത്രങ്ങളോ രസീതികളോ ഹാജരാക്കിയിട്ടില്ല. ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/13-06-2025) ലഭ്യമാക്കിയ മറുപടിയിൽ തുക കൈപ്പറ്റിയതിന്റെ രസീതി, ചെലവുകളുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ഡെപ്പോസിറ്റ് വർക്കുകൾ, ഗ്രാമപഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിലായി വിവിധ സ്ഥാപനങ്ങൾക്കും നിർവ്വഹണ ഏജൻസികൾക്കും കൈമാറിയിട്ടുള്ള ₹ 5,76,346/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-38 SSA വിഹിതം നൽകൽ -വിനിയോഗ വിവരമില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ് എസ് എ വിഹിതം നൽകൽ |
| പ്രോജക്ട് നമ്പർ | S0051/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, SDVGUPS നീർക്കുന്നം |

| | |
|---|---|
| ചെലവ് | ബിൽ നം. 424/03-12-24 രൂപ 800000 (ധനകാര്യ കമ്മീഷൻ അവാർഡ്) |

എസ് എസ് എ വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം 8 ലക്ഷം രൂപ (ബിൽ നം. 424/03-12-24) എസ് എസ് എ ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. ആയതിനാൽ 800000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 ജൽജീവൻ മിഷൻ പദ്ധതി - പ്രവർത്തന അവലോകനം

മുഴുവൻ ഗ്രാമീണഭവനങ്ങൾക്കും ഗാർഹിക കുടിവെള്ളകണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

### ജൽജീവൻ മിഷൻ - കേരളം

08.06.2020-ലെ സ.ഉ (കൈ) 37/2020/ജ.വി.വ നമ്പർ ഉത്തരവ് മുഖേന ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാനം അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

### ഗ്രാമപഞ്ചായത്ത്തല പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ്മ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ് പഞ്ചായത്ത്തല കർമ്മ പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ സമിതിക്ക് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പ്രോജക്ടുകൾ രൂപീകരിച്ച് തുക കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ ഈയിനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല.

### ഫലപ്രാപ്തി

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള വിതരണത്തിനായി 2020-21 ൽ പ്രോജക്ട് നമ്പർ S0193/21 പ്രകാരം 6,27,320/- രൂപയും 2021-22 ൽ പ്രോജക്ട് നമ്പർ S0012/22 പ്രകാരം 25,00,000/- രൂപയും ഉൾപ്പടെ ആകെ ₹ 31,27,320/- രൂപ ഡെപ്പോസിറ്റായി വാട്ടർ അതോറിറ്റിയിൽ നൽകിയിട്ടുണ്ട്. ഈ പ്രോജക്ടുകൾ പ്രകാരം 4,562 ഗുണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാൻ സാധിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ ഹാജരാക്കാത്തതിനാൽ നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട തുടർപരിശോധനകളൊന്നും സാധ്യമായിട്ടില്ല.

### പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾ.

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം മേഖലകളിലാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാകാത്തത് എന്ന് വിലയിരുത്തി പദ്ധതി മുൻഗണനകൾ പുതുക്കി നിശ്ചയിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാവശ്യമാണ്.

പദ്ധതിയുടെ ഗുണഫലം പരമാവധി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് ഈ മേഖലയിൽ ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യവികസനവും ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. കുടിവെള്ള പ്ലാന്റുകൾ, പൈപ്പ് ലൈനുകൾ, വിതരണ ലൈനുകൾ എന്നിവ കൂടുതലായി സ്ഥാപിക്കുന്നത് വഴി ഗ്രാമപഞ്ചായത്തിൽ സമഗ്രമായി ഗാർഹിക കുടിവെള്ള കണക്ഷൻ ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

സംസ്ഥാനങ്ങളുടെ ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15 (2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെയും ഇത് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**എ) ഗ്രാമപഞ്ചായത്തിന് ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം**

| വർഷം | ഗ്രാന്റ് | ഇനം | ലഭിച്ച തുക |
|---|---|---|---|
| 2021-22 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത് സെന്റർ & സബ് സെന്റർ | സ്കീം-3 | ₹2,64,733/- |
| 2021-22 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ്സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | സ്കീം-4 | ₹1,35,000/- |
| 2022-23 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത് സെന്റർ & സബ് സെന്റർ | സ്കീം-3 | ₹10,09,000/- |
| 2022-23 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ്സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | സ്കീം-4 | ₹4,17,000/- |
| 2023-24 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത് സെന്റർ & സബ് സെന്റർ | സ്കീം-3 | ₹4,22,000/- |
| 2023-24 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | സ്കീം-4 | ₹6,64,000/- |
| 2024-25 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത് സെന്റർ & സബ് സെന്റർ | സ്കീം-3 | ₹451,912/- |

| | | | |
|---|---|---|---|
